പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3046 10.05..2017- ൽ മറുപടിയ്ക്ക്

## ജീവൻ രക്ഷാ ഉപകരണങ്ങളുടെ പരിപാലനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ജെ.മാക്സി : | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)** |
| (എ) മെഡിക്കൽ കോളേജുകളിലും ജനറൽ ആശുപത്രികളിലും മറ്റ് ആശുപത്രികളിലും സ്ഥാപിച്ചിട്ടുള്ള കോടിക്കണക്കിന് രൂപ വിലവരുന്ന ജീവൻ രക്ഷാ ഉപകരണങ്ങൾ പരിപാലിക്കുന്നതിന് ആവശ്യമായ ബയോ മെഡിക്കൽ എൻജിനീയർമാർ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മഞ്ചേരിയിൽ ഒഴികെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ ബയോ മെഡിക്കൽ എൻജിനീയർമാരുടെ സേവനം ലഭ്യമാണ്. ഇതിനുപുറമെ നാഷണൽ ഹെൽത്ത് മിഷൻ വഴി താൽകാലികാടിസ്ഥാനത്തിൽ ഒരു ജില്ലയിൽ ഒരു മെഡിക്കൽ എഞ്ചിനീയറെ വീതം നിയമിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ബയോ മെഡിക്കൽ എൻജിനീയർമാരെ പി.എസ്.സി. വഴി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) ഇപ്പോൾ ഈ തസ്തികയിലേയ്ക്കുള്ള നിയമനം 1 : 1 എന്ന അനുപാതത്തിൽ പി.എസ്.സി. വഴിയും പ്രൊമോഷൻ വഴിയുമാണ് നടത്തിവരുന്നത്. പി.എസ്.സി. വഴി നികത്തേണ്ട ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ